## ഹദീസ്

കെ.സി ജലീൽ പുളിക്കൽ

# സന്മാർഗ സരണിയിൽ പതറാതെ

عَنْ سُفْيَانَ بْنِ عَبْدِ اللَّهِ رَضِيَ اللهُ عَنْهُ قَالَ: قُلْت: يَا رَسُولَ اللَّهِ! قُلْ لِي فِي الْإِسْلَامِ قَوْلًا لَا أَسْأَلُ عَنْهُ أَحَدًا غَيْرَك؛ قَالَ: قُلْ: آمَنْت بِاَللَّهِ ثُمَّ اسْتَقِمْ ( مُسْلِمٌ)

**സുഫ്‌യാനുബ്നു അബ്ദുല്ല(റ)യിൽനിന്ന് നിവേദനം: ഞാൻ നബി(സ)യോട് ചോദിച്ചു: ദൈവദൂതരേ, അങ്ങയോടല്ലാതെ മറ്റാരോടും ചോദിക്കേണ്ടതില്ലാത്തവിധം (സമഗ്രമായ) ഒരു വചനം ഇസ്‌ലാമിനെ സംബന്ധിച്ച് എനിക്ക് പറഞ്ഞുതന്നാലും. അവിടുന്ന് പറഞ്ഞു: ഞാൻ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു എന്ന് നീ പ്രഖ്യാപിക്കുക. പിന്നീട് അതിലുറച്ച് നിലകൊള്ളുകയും ചെയ്യുക (മുസ്‌ലിം).**

ദിവ്യഗ്രന്ഥത്തിന്റെ പൊരുൾ മുന്നിൽ വെച്ച് ദൈവദൂതൻ അരുളിയതാണ് ഈ വചനം. രണ്ടു മൂന്ന് വാക്കുകളിൽ വലിയൊരു ആശയം ചുരുക്കിപ്പറഞ്ഞിരിക്കുന്നു. ഖുർആനിലെ 'ഹാമീം സജദ' അധ്യായത്തിലെ 30 മുതൽ 35 വരെ സൂക്തങ്ങളിൽ അത്യന്തം ഹൃദ്യമായ ശൈലിയിൽ അല്ലാഹു അവതരിപ്പിച്ച വചനങ്ങളിലേക്കാണ് ഈ തിരുവചനം വിരൽ ചൂണ്ടുന്നത്.

ഈ മഹദ് വചനം ഉൾക്കൊണ്ടവർക്കുള്ള സ്ഥാനവും പരിഗണനയും ഔന്നത്യവും വിജയസൗഭാഗ്യങ്ങളും ഖുർആൻ വിവരിക്കുന്നത് നോക്കൂ: ''ഞങ്ങളുടെ നാഥൻ അല്ലാഹുവാണെന്ന് പ്രഖ്യാപിക്കുകയും എന്നിട്ട് അതിൽ അടിയുറച്ചുനിലകൊള്ളുകയും ചെയ്യുന്നവരുടെ മേൽ തീർച്ചയായും മലക്കുകൾ ഇറങ്ങുന്നതാണ്. എന്നിട്ട് മലക്കുകൾ അവരോട് പറയുന്നു: നിങ്ങൾ ഭയപ്പെടുകയോ ദുഃഖിക്കുകയോ വേണ്ട. നിങ്ങൾക്ക് വാഗ്ദത്തം ചെയ്യപ്പെട്ട സ്വർഗത്തിന്റെ സുവാർത്തയിൽ സന്തുഷ്ടരായിക്കൊള്ളൂ. ഐഹിക ജീവിതത്തിലും പരലോകത്തും ഞങ്ങൾ മിത്രങ്ങളായി നിങ്ങളോടൊപ്പമുണ്ട്. നിങ്ങളുടെ മനസ്സ് ആഗ്രഹിക്കുന്നതും നിങ്ങൾ അന്വേഷിക്കുന്നതുമെല്ലാം നിങ്ങൾക്ക് അവിടെ ലഭിക്കും. ഏറെ പൊറുക്കുന്നവനും പരമ ദയാലുവുമായ നാഥന്റെ ആതിഥ്യമത്രെ ഇത്'' (*ഹാമീം അസ്സജദ* 30-32). എന്തൊരു സൗഭാഗ്യം, എത്ര വലിയ ഔന്നത്യം! ഇതിലപ്പുറം എന്തു വേണം?

'അല്ലാഹുവിൽ വിശ്വസിച്ചു, അല്ലാഹുവാണ് നാഥൻ' എന്നെല്ലാം പറഞ്ഞാൽ മാത്രം ലഭിക്കുന്നതാണോ ഈ നിസ്തുല ഭാഗ്യം? അല്ലെന്ന് പറയേണ്ടതില്ലല്ലോ. അല്ലാഹുവിനെ നാഥനായി അംഗീകരിക്കുന്നതോടൊപ്പം അവന്റെ അധികാരാവകാശങ്ങളിൽ മറ്റുള്ളവർക്കും പങ്കാളിത്തം നൽകുന്നവർക്ക് ഉള്ളതല്ല ഈ സൗഭാഗ്യമെന്ന് വ്യക്തം. പ്രലോഭനങ്ങൾക്കും പ്രകോപനങ്ങൾക്കും മുന്നിൽ ആദർശം അടിയറവെക്കുന്നവർക്കുമുള്ളതല്ല.

ദൈവേതര ശക്തികളെ സംബന്ധിച്ച മിഥ്യാധാരണകൾ വെടിഞ്ഞ്, മറ്റെല്ലാ ആദർശങ്ങളും സിദ്ധാന്തങ്ങളും കൈയൊഴിഞ്ഞ്, ഏതു വിപത്സന്ധിയെയും തരണം ചെയ്ത്, ചിതറാത്ത ചിത്തത്തോടും പതറാത്ത പാദത്തോടും കൂടി മുന്നോട്ടു നീങ്ങാൻ കെൽപുള്ളവർക്ക് മാത്രമുള്ളതാണ് ഈ സൗഭാഗ്യം. പ്രതിബന്ധങ്ങൾക്ക് മുന്നിൽ പകച്ചുനിൽക്കുന്നവർക്കോ പേടിച്ചരണ്ട് ഉൾവലിയുന്നവർക്കോ ഈ സൗഭാഗ്യം ലഭിക്കുകയില്ല.

നബി(സ) പ്രസ്താവിച്ചതായി അനസ്(റ) നിവേദനം ചെയ്യുന്നു: ''നിരവധിയാളുകൾ ഈ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. എന്നാൽ ഒട്ടനവധിയാളുകളും പിന്നീടത് ഉപേക്ഷിക്കുകയായിരുന്നു. എന്നാൽ മരണം വരെ അതിലടിയുറച്ചു നിന്നവനാണ് അതിൽ നിലകൊണ്ടവനായിത്തീരുന്നത്'' (ഇബ്നു ജരീർ, നസാഈ, ഇബ്നു അബീഹാതിം).

കടുത്ത പ്രകോപനങ്ങൾക്കും അക്രമങ്ങൾക്കും മുന്നിൽ ഉറച്ചുനിൽക്കാനാകാതെ വലിയൊരു വിഭാഗം പിന്മാറുമെന്നും അതോടെ എല്ലാം നഷ്ടമാവുമെന്നുമാണ് നബി(സ) ഇവിടെ ഉണർത്തിയത്. നബിയുടെ ആദർശ പ്രഖ്യാപനത്തെ എതിരാളികൾ എങ്ങനെയാണ് നേരിട്ടത് എന്ന് ഖുർആൻ വ്യക്തമാക്കുന്നുണ്ട്: ''ഈ അവിശ്വാസികൾക്കെന്തായിപ്പോയി? വലതുഭാഗത്തു നിന്നും ഇടതു ഭാഗത്തുനിന്നും ഇവർ കൂട്ടം കൂട്ടമായി താങ്കൾക്കെതിരെ പാഞ്ഞടുക്കുകയാണല്ലോ?'' (*അൽമആരിജ്* 36,37). നബി(സ) എന്തെങ്കിലും അക്രമം നടത്തിയതിന്റെ പേരിലായിരുന്നില്ല ഈ അതിക്രമങ്ങൾ. അല്ലാഹുവാണ് ഏകദൈവമെന്ന വിശ്വാസപ്രഖ്യാപനം നടത്തിയെന്നത് മാത്രമായിരുന്നു പ്രശ്നം. 'പല ദൈവങ്ങളെ വെടിഞ്ഞ് ഒരൊറ്റ ദൈവത്തെ സ്വീകരിക്കണമെന്നോ?' എന്നാണ് അവർ ആക്രോശിച്ചത്.

മുൻ പ്രവാചകന്മാർക്കെതിരിൽ ജനം രംഗത്തു വരാനും ഇതുതന്നെയായിരുന്നു പ്രേരകം. ഫറോവയുടെ നേതൃത്വത്തിൽ മൂസാ നബി(അ)യെ വധിക്കാൻ നടത്തിയ ഗൂഢാലോചന-സദസ്സിലുണ്ടായിരുന്ന വിശ്വാസി ചോദിച്ചത് അതാണല്ലോ? 'അല്ലാഹുവാണ് നാഥനെന്ന് പ്രഖ്യാപിച്ചതിനാലാണോ നിങ്ങൾ ഈ മനുഷ്യനെ വധിക്കുന്നത്?'

ഇന്നിപ്പോൾ ഇത് ഏറെ പ്രകടമാണ്. വിശ്വാസിയാണെന്ന ഏക കാരണം മതി ഭീകരനും രാജ്യദ്രോഹിയുമാക്കപ്പെട്ട് നിഷ്കരുണം കൊല ചെയ്യപ്പെടാൻ. ഇസ്‌ലാമിക പ്രബോധകനോ ഇസ്‌ലാമികപ്രസ്ഥാനത്തിന്റെ വക്താവോ ആണെങ്കിൽ പറയുകയും വേണ്ട. ജനാധിപത്യമോ മൗലികാവകാശമോ മനുഷ്യാവകാശമോ ഒന്നും പ്രശ്നമേ അല്ല. സംശുദ്ധമായ തെരഞ്ഞെടുപ്പിലൂടെ അധികാരത്തിലേറിയ ഗവൺമെന്റുകൾ പോലും അട്ടിമറിക്കപ്പെടുന്നു. ഏകാധിപതികൾ ഭരണം പിടിച്ചെടുക്കുന്നു. ജനപ്രതിനിധികളെ തുറുങ്കിലടക്കുന്നു, പീഡിപ്പിക്കുന്നു, വധിക്കുന്നു. ആർക്കും പ്രശ്നമില്ല, പ്രതിഷേധമില്ല. കാരണം അവർ അല്ലാഹുവാണ് നാഥനെന്ന് പ്രഖ്യാപിച്ചവരാണ്.

ഇവിടെയാണ് അല്ലാഹുവിന്റെ മലക്കുകളുടെ സാന്ത്വനം: ''നിങ്ങൾ ഭയപ്പെടേണ്ട, ദുഃഖിക്കേണ്ട. ഇഹപരവിജയം നിങ്ങൾക്കുള്ളതാണ്.'' ''അല്ലാഹുവിങ്കലേക്ക് പ്രബോധനം ചെയ്യുകയും സൽ പ്രവർത്തനങ്ങൾ നടത്തുകയും ഞാൻ മുസ്‌ലിംകളിൽ പെട്ടവനാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തവനേക്കാൾ ഉത്തമ പ്രഖ്യാപനം നടത്തിയ മറ്റാരാണുള്ളത്.'' ''സഹനമവലംബിക്കുന്നവർക്കല്ലാതെ ഈ സൗഭാഗ്യം ലഭിക്കുകയില്ല. അതിമഹത്തായ സൗഭാഗ്യം ലഭിച്ചവർക്കേ ഈ സ്ഥാനം ലഭിക്കൂ.'' ●